പ്പാക്കി വരുന്ന പദ്ധതിയാണിത്. വികലാംഗരായ വിദ്യാർത്ഥികൾക്ക് നിലവാര മുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി ഫലപ്രദമായ നടപടികൾ സർക്കാർ കൈക്കൊണ്ടുവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം 1998-99 വർഷത്തിൽ 12214164 രൂപ വികലാംഗ വിദ്യാർത്ഥികളുടെ പഠനത്തിനും ഉന്നമനത്തിനുമായി ചെലവഴിച്ചിട്ടുണ്ട്.

9. മഹിളാ സമാഖ്യ പദ്ധതി

വിദ്യാഭ്യാസത്തിലൂടെ കരുത്താർജ്ജിക്കുക എന്ന ലക്ഷ്യം മുൻനിറുത്തി നടപ്പാക്കിവരുന്ന ഈ പദ്ധതി തിരുവനന്തപുരം, ഇടുക്കി ജില്ലകളിലെ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിച്ചു. ഇതിലേയ്ക്കായി 15 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) താഴെപ്പറയുന്ന പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പൂർണ്ണ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്നു.

1) ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്

2) ഇംപ്രൂവ്മെന്റ് ഓഫ് സയൻസ് എഡ്യൂക്കേഷൻ

3) ഏരിയ ഇന്റൻസീവ് പ്രോഗ്രാം

4) ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഡയറ്റ്)

5) നിർദ്ധന സംസ്കൃത പണ്ഡിതർക്കുള്ള സാമ്പത്തിക സഹായം

6) വികലാംഗർക്കുള്ള സംയോജിത വിദ്യാഭ്യാസ പദ്ധതി

7) മഹിളാ സമാഖ്യ പദ്ധതി

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുവാൻ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. ത്രിതല ഗ്രാമപഞ്ചായത്തുകൾ നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കി വരികയാണ്.

(എഫ്)സ്റ്റേറ്റ്മെന്റ് അന്യത്ര†

7 (*422) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡ് സമ്പ്രദായം ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. വി. ബാലറാം :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മാർക്ക് നൽകുന്നതിന് പകരം ഗ്രേഡ് നൽകണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ആരിൽ നിന്നെല്ലാം;

(സി) ഇപ്രകാരം മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) ചില കേന്ദ്രങ്ങളിൽ നിന്നും ഇത്തരം ആവശ്യം ഉയർന്ന് വന്നിട്ടുണ്ട്.

(സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

8 (*423) ജനകീയാസൂത്രണ പദ്ധതി പ്രകാരം വൈദ്യുതി ബോർഡിനു നൽകിയ തുക

ശ്രീ. എം. മുരളി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനും, വൈദ്യുതി വിതരണത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക പണികൾ നടത്താതെ ബോർഡ് കൈവശം സൂക്ഷിച്ചിരിക്കുകയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ 1997-98-ൽ 35 കോടിയോളം രൂപ ബോർഡിനെ ഏൽപ്പിച്ചിരുന്നോ; എങ്കിൽ നിർദ്ദേശിക്കപ്പെട്ട പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) നിർദ്ദേശിക്കപ്പെട്ട പണി ഇതേവരെ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ഇതിനുവേണ്ടി വൈദ്യുതി ബോർഡിനെ ഏൽപ്പിച്ചിട്ടുള്ള പണം അടിയന്തിരമായി ട്രഷറിയിൽ തിരിച്ചടയ്ക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) പണി ചെയ്യാതെ അനാവശ്യമായി പണം കൈവശം സൂക്ഷിച്ചതിന്റെ പലിശ കണക്കാക്കി അത് ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് പണികൾ നടത്തുന്നുണ്ട്.

(ബി) ഏൽപ്പിച്ചിരുന്നു. പണികൾ മുൻഗണനാക്രമത്തിൽ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) പൂർത്തീകരിക്കാത്ത പണികൾ സാധനസാമഗ്രികളുടെ ലഭ്യത അനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് ചെയ്തു തീർക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരികയാണ്.

(ഡി) പണികൾ ചെയ്യുന്നതിനുവേണ്ടി മുടക്കുന്ന പണത്തിന് പലിശ നൽകാനുള്ള വ്യവസ്ഥ നിലവിലില്ല. പഞ്ചായത്ത് ചെയ്യാമെന്ന് ഏറ്റിരുന്ന ജോലികൾ പിന്നീട് ബോർഡ് ചെയ്യേണ്ടിവന്നതുകൊണ്ടാണ് പണികൾ ചെയ്യുന്നതിന് കാലതാമസമുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly